# ഗവ.യു.പി. സ്കൂൾ വള്ളുവള്ളി

2025 - 26

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ വള്ളുവള്ളി എന്ന കൊച്ചു ഗ്രാമത്തിലാണ് നമ്മുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഒരു കാലത്ത് ഈ പ്രദേശം മുഴവൻ പാണൻ വള്ളികളാൽ ചുറ്റിയ മരങ്ങളാൽ നിബിഢമായിരുന്നു. അതുകൊണ്ടാണ് ഈ പ്രദേശത്തിന് വള്ളുവള്ളി എന്ന പേര് വന്നതെന്ന് പറയപ്പെടുന്നു.

ട്ടേറെ പ്രമുഖ വ്യക്തികൾ ജീവിച്ച മൺ മറഞ്ഞ ചരിത്രമുറങ്ങുന്ന മണ്ണാണ് വള്ളുവള്ളിയുടേത്.നെല്ല് ,കമുക്,ചെമ്മീൻ എന്നിവയാണ് ഇവിടുത്തെ പ്രധാന കൃഷികൾ.മാലിന്യ മുക്തമായ പരിസരവും കാവുകളും കുളങ്ങളും നിറഞ്ഞ പരിസ്ഥിതി കൃഷിക്ക് അനുയോജ്യമായ മണ്ണ്,കാലാവസ്ഥ എന്നിവ ഈ ഗ്രാമത്തിൻറെ പ്രത്യേകതയാണ്

ഈ കൊച്ചു ഗ്രാമത്തിലെ വിദ്യാലയങ്ങളുടെ എണ്ണം,ഈ നാട്ടിലെ ആളുകൾ വിദ്യാഭ്യാസത്തിന് എത്ര പ്രാധാന്യം കൊടുക്കുന്നു എന്നതിന് തെളിവാണ്.നിരവധി പ്രതിഭകളെ നാടിന് സമ്മാനിച്ച ഒരു വിദ്യാലയമാണ് നമ്മുടെ വള്ളുവള്ളി ഗവ.യു.പി സ്കൂൾ. 78-ാംവയസ്സിന്റെ നിറവിൽ എത്തിയിരിക്കുന്നു.കൃത്യമായ ആസൂത്രണങ്ങളും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും കൊണ്ടാണ് നമുക്ക് ഈ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.ഈ നേട്ടം കേവലം സ്കൂളിൻറെ പ്രവർത്തനം കൊണ്ടുമാത്രം സാധ്യമായതല്ല.മറിച്ച് അകമഴിഞ്ഞ പിന്തുണയോടെ പഞ്ചായത്തും സുമനസ്സുകളായ നാട്ടുകാരും സന്നദ്ധ സംഘടനകളും സ്ഥാപനങ്ങളും നമ്മുടെ കൂടെ നിന്നതുകൊണ്ടാണ്

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻറെ ആത്യന്തിക ലക്ഷ്യം.വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്.വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിൻറെ ദൗത്യം.

## ലക്ഷ്യങ്ങൾ

1.പരമാധികാര സ്ഥിതി സമത്വ മതേതര ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പൗരന്മാരെ വാർത്തെടുക്കൽ

2.സൗജന്യവും സമഗ്രവുമായ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തൽ

3.അക്കാദമിക മികവ് പരിപോഷിപ്പിക്കുന്ന വിധത്തിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ

4.എൽ കെ ജി മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികളുടെ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്താൻ ആവശ്യമായ ബോധന തന്ത്രങ്ങൾ ഉൾക്കൊള്ളുന്ന സമയബന്ധിതമായ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ

5.ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കൽ

6.വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

7.വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക പ്രവർത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു

8.വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി,ലൈബ്രറി,കമ്പ്യൂട്ടർ ലാബ്എന്നിവയെല്ലാം എല്ലാം വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു

9.സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നിവിദ്യാലയത്തിലെ വിഭവങ്ങൾ(കളി

ഉപകരണങ്ങൾ,ഉദ്യാനം,മൈതാനം)എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു

10.ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു

11.വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

12.ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റിനായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു

| LP മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| വായന | പത്രവായന വായനകാർഡ്<br>ചിത്ര വായന<br>കഥാപുസ്തകം വായന | ജൂൺ മുതൽ<br>മാർച്ച് വരെ | ടീച്ചർ ,ക്ലാസ് പിടിഎ,<br>SRG | 1000/- |
| ലേഖനം | സചിത്ര പുസ്തകം<br>സംയുക്ത ഡയറി<br>അക്ഷര കാർഡ്<br>വായന കാർഡ് തയ്യാറാക്കൽ<br>പോസ്റ്ററുകൾ തയ്യാറാക്കൽ<br>പാചകക്കുറിപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം | അധ്യാപകർ ,ക്ലാസ് പിടിഎ | 2000/- |
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ<br>വാക്കുകൾ നിർമിക്കൽ വാക്യങ്ങൾ<br>നിർമ്മിക്കൽ കഥയെഴുതൽ<br>അടിക്കുറിപ്പ് തയ്യാറാക്കൽ<br>വരികൾ കൂട്ടിച്ചേർക്കൽ | അക്കാദമിക വർഷം | അധ്യാപകർ ,ക്ലാസ് പിടിഎ | |

| UP മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| വായനമലയാളഭാഷയിലെ വിവിധ ശേഷികളുടെ വികസനം | കഥയരങ്ങ്,കവിയരങ്ങ്, രചന ശില്പശാല എന്നിവ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ ,വിദ്യാരംഗം SMC, SSK | 1000/- |
| ഭാഷയിലൂടെ വിവിധശേഷികൾ നേടുക | നമ്മുടെ പ്രദേശത്ത് ലഭ്യമാകുന്ന എഴുത്തുകാരിയെ സ്കൂളിലെത്തിക്കൽ, ലൈബ്രറി സജ്ജീകരിച്ച് വായനയ്ക്ക് കൂടുതൽ അവസരം ഒരുക്കൽ | വായന കാർഡ് തയ്യാറാക്കൽവർഷത്തിൽ രണ്ട് പ്രാവശ്യം | അധ്യാപകർ ,SMC,SRG | |
| സമഗ്ര വികസനം | വായന കാർഡ് തയ്യാറാക്കൽ | അക്കാദമിക വർഷം | അധ്യാപകർ , SMC | |

LP ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തന ങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്ക ൽ | കളികൾ ജ്യാമിതീയ രൂപങ്ങൾ ' നിർമ്മാണം ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്ക ൽ | ആവശ്യാനു സരണം | ക്ലാസ് ടീച്ചർ | |
| ഗണിത പഠനപ്രവർ ത്തനം സുതാര്യമാ ക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെ ടുത്തൽ | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ | |
| ഗണിത ചിന്താശേഷി വളർത്തൽ | കുസൃതി ചോദ്യങ്ങൾ ഗണിത പസിൽ<br><br>പാറ്റേണുക ൾ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |
| ചതുഷ്ക്രിയ കൾ ലളിതമാക്ക ൽ | വിവിധതരം കളികൾ ഇനിയും പാമ്പും dice കളി കച്ചവടക്കളി | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |

| UP ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1)അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കുന്നു . എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുന്നു . | ഗണിത ശില്പശാല<br>കളികളിലൂടെ ഗണിത ക്രിയകൾ ഉറപ്പിക്കുന്നു . | ജൂൺ ജൂലൈ | ഗണിത അധ്യാപകർ | |
| 2 )ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിൽ എത്തിക്കുന്നു . | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഗണിത അധ്യാപകർ<br>ഗണിതത്തിൽ സമർത്ഥരായ മറ്റു കുട്ടികൾ | |
| 3)ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യത,Geogebra എന്നിവ ഉപയോഗിച്ച് കൂടുതൽ പ്രവർത്തനങ്ങൾ കുട്ടികളിലേക്ക്<br>എത്തിക്കുന്നു. | മാസത്തിൽ രണ്ട് പ്രാവശ്യം | ഗണിത അധ്യാപകർ | |
| 4)ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് . | വിദ്യാലയത്തിൽ ഒരു ക്ലാസ്സിൽ ഗണിതലാബ് സജ്ജീകരിച്ച ക്ലാസ് നടത്തുന്നു . | ആവശ്യത്തിന് | ഗണിത അധ്യാപകർ,<br>ഗണിത ക്ലബ് അംഗങ്ങൾ | |
| 5)ഗണിതരൂപങ്ങൾ ഗണിതശാസ്ത്ര പഠനത്തോടൊപ്പം കരചലനശേഷികളുടെ വികാസം. | ഒറിഗാമി പരിശീലനം വിവിധരൂപങ്ങൾ നിർമ്മിച്ച് ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു | മാസത്തിലൊരു തവണ | ഗണിത അധ്യാപകർ,<br>ഗണിത ക്ലബ് അംഗങ്ങൾ | 500/- |

| | | | | |
|---|---|---|---|---|
| 6)വിവിധ ശേഷികളുടെ വികസനം | സ്കൂൾ കലണ്ടർ പ്രകാരംദിനാചരണങ്ങൾ ബന്ധപ്പെട്ട വിഷയവുമായി നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ക്ലബ് അംഗങ്ങൾ | SRG |

LP പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | അധ്യാപിക | |
| ശാസ്ത്ര ബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പ് തയ്യാറാക്കുന്നു | അക്കദമിക വർഷം | അധ്യാപിക | |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുക | ആവശ്യാനുസരണം | അധ്യാപിക | |

| UP അടിസ്ഥാന ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നു. | ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം<br>അടുക്കളത്തോട്ടം നിർമ്മാണം<br><br>കണ്ടറിയാൻ ഒരു യാത്ര :-കാവുകൾ കണ്ടൽക്കാടുകൾ, പുഴയെ അറിയാൻ യാത്രകൾ, പ്രകൃതി നടത്തം,<br><br>നിത്യജീവിതത്തിൽ പരിചിതമായവസ്തുക്കൾ ഉപയോഗപ്പെടുത്തിപരീക്ഷണങ്ങൾ നടത്തുന്നു പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ ,അക്കാദമിക വർഷം | സയൻസ് ക്ലബ്<br>ശാസ്ത്ര അധ്യാപകർ | 1000/-<br>SMC/MPTA |
| 2 )ശാസ്ത്ര പ്രക്രിയ ശേഷി വർദ്ധിപ്പിക്കുന്നതിന് | സ്കൂൾതല ശാസ്ത്രോത്സവം ,ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയച്ചുമർ .ശാസ്ത്ര ശില്പശാലകൾ<br>ശാസ്ത്ര മാസികകൾ വായിക്കാൻ അവസരം. | **അക്കാദമിക വർഷം** | സയൻസ് ക്ലബ്<br>ശാസ്ത്ര അധ്യാപകർ | 1000/- |
| 3)ശാസ്ത്ര പഠനം രസകരമാക്കുന്നതിന് | ICT സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>ദിനാചരണങ്ങളിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br>ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്നു. | **അക്കാദമിക വർഷം** | സയൻസ് ക്ലബ്<br>ശാസ്ത്ര അധ്യാപകർ | |

| **UP** <u>**സാമൂഹ്യ ശാസ്ത്രം**</u> | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1)സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവുകൾ പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വാർഷരംഭം ജൂൺ | സാമൂഹ്യ ശാസ്ത്രഅധ്യാപകർ | |
| 2 )പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual field trip** ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | **അക്കാദമിക വർഷം** | സാമൂഹ്യ ശാസ്ത്രഅധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ,എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | **അക്കാദമിക വർഷം** | ഗണിത അധ്യാപകർസാമൂഹ്യ ശാസ്ത്രഅധ്യാപകർ | |
| 4)വിവരവിനിമയ സാങ്കേതികവിദ്യയുടെ | **ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം** | **അക്കാദമിക വർഷം** | സാമൂഹ്യ ശാസ്ത്രഅധ്യാപ സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | | | |
| 5)സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ,ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | **അക്കാദമിക വർഷം** | സാമൂഹ്യ ശാസ്ത്രഅധ്യാപകർ | |

**UP ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ഹിന്ദി വായന | 1.ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ<br>2.വായനകാർഡ് തയ്യാറാക്കൽ<br>3.ബാല മാസികകൾ ലഭ്യമാക്കൽ<br>4.രാഷ്ട്ര നേതാക്കന്മാർ,ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് വിവരങ്ങൾ അടങ്ങുന്ന വായനാ കാർഡ്തയ്യാറാക്കുന്നു<br>5.ദേശീയ ഗാനം,പ്രതിജ്ഞ,ഹിന്ദി അക്കങ്ങൾ,മാസങ്ങൾ എന്നിവ സ്ഥിരമായി വായിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു.ബാല ഗീതങ്ങൾ,കവിത ശകലങ്ങൾ,ലഘു പ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടുകൂടി ക്ലാസ് ആരംഭിക്കുന്നു | ജൂൺ -മാർച്ച് | ഹിന്ദി അധ്യാപകൻ | 5000/-<br>SMC |
| 2)ഹിന്ദി എഴുത്ത് | 1.കോപ്പി പുസ്തകം - അധിക വായന നടത്തുന്നവിദ്യാർത്ഥികൾ മുകളിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ എഴുതുന്നു<br>2.ബാലഗീതങ്ങൾ,കവിതകൾ എന്നിവ ശേഖരിക്കുന്നതിന് കോപ്പി ബുക്ക് ഉപയോഗിക്കുന്നു<br>3.ചുമർ പത്രിക | **അക്കാദമിക വർഷം** | ഹിന്ദി അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | 4.ക്ലാസ് മാഗസിൻ തയ്യാറാക്കൽ<br>2.ബാലഗീതങ്ങൾ,കവിതകൾ എന്നിവ ശേഖരിക്കുന്നതിന് കോപ്പി ബുക്ക് ഉപയോഗിക്കുന്നു<br>3.ചുമർ പത്രിക<br>4.ക്ലാസ് മാഗസിൻ തയ്യാറാക്കൽ | | | |
| 3)ഹിന്ദി ആസ്വാദനം | വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുവാനുള്ള അവസരം കൊടുക്കുന്നു | **അക്കാദമിക വർഷം** | ഹിന്ദി അധ്യാപകൻ | |
| 4)ഹിന്ദി അസംബ്ലി | 1.ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി ഒരുക്കുന്നു<br>2.ഓരോ ക്ലാസിനും പ്രത്യേകം ചുമതലകൾ നൽകുന്നു<br>3.അവതരണത്തിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നു | | ഹിന്ദി അധ്യാപകൻ | |
| 5)ഹിന്ദി മത്സരങ്ങൾ | 1.ഹിന്ദി ക്വിസ്<br>2.സാഹിത്യ മത്സരങ്ങൾ | | ഹിന്ദി അധ്യാപകൻ | |
| 6)ദിനാചരണങ്ങൾ | 1.ഹിന്ദി ദിനം,പരിസ്ഥിതി ദിനം,ശിശുദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിനങ്ങളിൽ ഹിന്ദി പോസ്റ്ററുകൾ തയ്യാറാക്കുന്നു | | ഹിന്ദി അധ്യാപകൻ | |
| 7)ഹിന്ദി ക്ലബ്ബ് | 1 .വിദ്യാലയത്തിലെ ഹിന്ദി ഭാഷ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഹിന്ദി ക്ലബ്ബ് രൂപീകരിക്കുന്നു | | ഹിന്ദി അധ്യാപകൻ | |
| 8)വിവര സാങ്കേതിക വിദ്യ | ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പഠനങ്ങൾ നൽകുന്നു | | ഹിന്ദി അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 9)ഹിന്ദി ഫെസ്റ്റ് | 1.ഹിന്ദി ദിനത്തോടനുബന്ധിച്ച് ഫെസ്റ്റ് സംഘടിപ്പിക്കുന്നു<br>2 .കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഗ്രൂപ്പ് ഐറ്റംസിന് പ്രാധാന്യം നൽകും | | ഹിന്ദി അധ്യാപകൻ | |
| 10)വീട് ഒരു പരീക്ഷണശാല | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുന്നു.<br>CWSN കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | ജൂൺ -മാർച്ച് | ഹിന്ദി അധ്യാപകൻ | |

മേഖല ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം | മാസത്തിൽ 1 | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കൽ | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | |
| വായന ആശയം അറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ - മാർച്ച് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | മാസത്തിൽ ഒന്ന് | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതാം | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | |
| സർഗ്ഗാത്മകത പോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ | മാസത്തിലൊന്ന് | ഇംഗ്ലീഷ് അധ്യാപകർ | |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം **ഒരുക്കുന്നു** | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | Follow Me If You can - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്തു കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു പോയിൻറ് നൽകുന്നു | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരു തവണ | | |
| | One Man Show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| | Too Can - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണതയിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷ്ണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| | Alert Zone - സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു | ദിനാചരണങ്ങളിൽ | | |

| | | | |
|---|---|---|---|
| | Run Baby Run - ക്ലാസ്സിനെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ |
| | Fun Time Funda - കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു | വർഷാവസാനം | |